കൊണ്ടയൂരിൽ തടയണ നിർമ്മാണം

69 [1787] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടങ്ങോട് സമഗ്ര ശുദ്ധജല പദ്ധതിയുടെ ജലസ്രോതസ്സായ ഭാരതപ്പുഴയിലെ കൊണ്ടയൂരിൽ തടയണ നിർമ്മിക്കാൻ പദ്ധതിയിൽ വിഭാവന ചെയ്തിരുന്നുവോ ;

(ബി) ഇല്ലെങ്കിൽ പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും ലഭിക്കുന്നതിനുവേണ്ടി പ്രസ്തുത തടയണ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത തടയണയുടെ നിർമ്മാണത്തിന് തൃശ്ശൂർ ജില്ലാ കളക്ടറുടെ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതുക്കിയ ഷെഡ്യൂൾ പ്രകാരം തടയണ നിർമ്മാണത്തിന് 650 ലക്ഷം രൂപ വേണ്ടിവരും. ഇതനാവശ്യമായ തുക ഇപ്പോൾ ലഭ്യമല്ല.

(സി) പരിശ്രമിക്കുന്നതാണ്.

തിരുവനന്തപുരം നഗരത്തിലെ ജലവിതരണം

70 [1788] ശ്രീ. ബി. വിജയകുമാർ :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. എം. പി. ഗംഗാധരൻ :

„ എം. മുരളി :

„ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം വാട്ടർ വർക്സിൽ നിന്നും പ്രതിദിനം എത്ര ലോറി വെള്ളം കൊണ്ടുപോകുന്നുണ്ട് എന്നും എന്തു വിലയ്ക്കാണ് ഈ വെള്ളം കൊടുക്കുന്നത് എന്നും അറിയിക്കാമോ ;

(ബി) തിരുവനന്തപുരം വാട്ടർ സപ്ലൈ സ്കീമിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ടോ ;

(സി) ഇല്ലാത്തപക്ഷം തിരുവനന്തപുരം നഗരത്തിന്റെ പല ഭാഗങ്ങളിലും ജലദൗർലഭ്യം അനുഭവപ്പെടുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം വാട്ടർ വർക്സിൽ നിന്നും പ്രതിദിനം ശരാശരി 200 ലോറി വെള്ളം കൊണ്ടുപോകുന്നുണ്ട്.

സ്വകാര്യ ഉപഭോക്താക്കൾക്ക് ഒരു മാസത്തിൽ ആദ്യത്തെ 50,000 ലിറ്റർ വരെ 1000 ലിറ്ററിന് 16 രൂപ വീതവും തുടർന്നുള്ള ഓരോ 1000 ലിറ്ററിനും 24 രൂപ വീതവും ഈടാക്കുന്നു.

(ബി) ഉണ്ട്.

(സി) നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതി അപര്യാപ്തമായതിനാൽ പ്രതിദിന ആവശ്യത്തിനുള്ള വെള്ളം വിതരണം ചെയ്യാൻ പലപ്പോഴും സാധിക്കാറില്ല.

ചിറക്കര ഇടവട്ടം വാർഡിലെ കിണറുകളിൽ പെട്രോളിന്റെ അംശം

71 [1789] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവുംപാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ പഞ്ചായത്തിലെ ചിറക്കര ഇടവട്ടം വാർഡിലെ കിണറുകളിൽ പെട്രോളിന്റെ അംശം കണ്ടെത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത് ആ സ്ഥലത്തെ പാറയുടെ പ്രത്യേകതകൊണ്ട് സംഭവിക്കുന്നതിനാൽ ഇത് പരിഹരിക്കാവുന്നതല്ല. ചാത്തന്നൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ ചിറക്കര, ഇടവട്ടം പ്രദേശത്തെ 3 വീടുകളിലെ കിണറുകളിലെ വെള്ളത്തിന് നിറവ്യത്യാസവും രുചിവ്യത്യാസവും ഉള്ളതായി പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്. ഇത് പെട്രോളിന്റെ അംശം കലർന്നതുകൊണ്ടുണ്ടാകുന്നതല്ല. ഈ പ്രദേശത്തുള്ള പാറകൾ, സമുദ്രത്തിനടിയിൽ നിക്ഷേപിക്കപ്പെടുന്ന മണലിൽ നിന്നും ചെളിയിൽനിന്നും രൂപാന്തരപ്പെട്ട സെടിമെന്ററി പാറകളാണ്. ഇതിൽ കാർബണിന്റെ അംശം കലർന്ന കറുത്ത കളിമണ്ണിലുള്ള പാറവരെ താഴ്ത്തിയതുകൊണ്ടാണ് ചിറക്കര ഇടവട്ടം പ്രദേശത്തെ 3 വീടുകളിലെ കിണർ ജലം മോശമായത് സെടിമെന്ററി പാറകൾ രൂപാന്തരപ്പെട്ട സമയത്ത് അതിൽ നിക്ഷേപിക്കപ്പെട്ട സസ്യജാലങ്ങളിൽ ഉണ്ടാകുന്ന മാറ്റമാണ് ഇതിനുകാരണം. പ്രത്യേകിച്ച് പരിഹാരമാർഗ്ഗമില്ല. കളിമൺപാറയുടെ മുകളിൽ വച്ച് കിണർ കുഴിക്കൽ നിർത്തുക എന്നതാണ് നാട്ടുകാർ സാധാരണ സ്വീകരിക്കുന്ന മാർഗ്ഗം.

LIBRARY ARCHIVES Kerala Legislative Assembly